സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.20204/18/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 15/02/2021

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം വിഭാഗം ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് അയയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- ദേവസ്വം ബോർഡിലെ 14/5/19 ലെ ആർ.ഒ.സി.245/09/എസ്റ്റ.2 നമ്പർ ഉത്തരവ്

2015 കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ദേവസ്വം ബോർഡുകളിലെ സെലക്ഷൻ വിഭാഗത്തിൽപ്പെട്ട തസ്തികകളിൽ സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടത് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ആണ്.

പ്രൊമോഷൻ ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കി അയയ്ക്കേണ്ടത് ഓരോ മേലുദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമാണ്. എന്നാൽ മേലുദ്യോഗസ്ഥർ ആരും തന്നെ യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കി കാണുന്നില്ല. വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് അയയ്ക്കുന്നതിന് നിലവിൽ ബോർഡുത്തരവ് ഉള്ളതും പലതവണ ഈ ആഫിസിൽ നിന്ന് ആവശ്യപ്പെട്ടാൽപോലും വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യമാണ് ഉള്ളത്. മേലുദ്യോഗസ്ഥരുടെ ഇത്തരത്തിലുള്ള പ്രവൃത്തി ഉദ്യോഗസ്ഥരുടെ യഥാസമയമുള്ള പ്രൊമോഷനെ കാര്യമായി ബാധിക്കുന്നതിനാൽ സൂചന (1) ബോർഡുത്തരവിൽ നിഷ്കർഷിക്കും പ്രകാരം ഉദ്യോഗസ്ഥരുടെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കി യഥാസമയം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-
1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
2) ഫിനാൻസ് കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3) ചീഫ് എഞ്ചിനീയർ (ജനറൽ)
4) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
5) ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക്
6) ഡയറക്ടർ, സാംസ്കാരിക- പുരാവസ്തു വിഭാഗം
7) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
8) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
9) ഇ.ഡി.പി സെക്ഷൻ
8) സെക്ഷൻ ഫയൽ